# വിശ്വാസപരിശീലനകേന്ദ്രം

1. അതിരൂപതയിലെ വിശ്വാസ പരിശീലന വിദ്യാർത്ഥികളുടെ 29-ാം Intensive Bible Course-ാണ് Biblia Fest-2025. "പ്രാർത്ഥനയിൽ വളരാം" എന്നതാണ് Biblia Fest-2025ന്റെ വിഷയം. കുട്ടികളുടെ പ്രായത്തിനും അഭിരുചിക്കും ഇണങ്ങിയ ഭാഷയും ആക്ടിവിറ്റീസും ഉൾപ്പെടുത്തിയാണ് LP, UP, HS വിഭാഗങ്ങൾക്കായി വെവ്വേറെ ബുക്കുകൾ തയ്യാറാക്കിയിരിക്കുന്നത്. 2025 മാർച്ച് 31-ാം തീയതി തിങ്കളാഴ്ച മുതൽ ഏപ്രിൽ 12 വരെയുള്ള ദിവസങ്ങളിലാണ് ഇന്റൻസീവ് ബൈബിൾ കോഴ്സ് നടത്തുവാൻ അതിരൂപത വിശ്വാസ പരിശീലനകേന്ദ്രം നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ ഓരോ ഇടവകയുടെയും സമയവും സാഹചര്യവും അനുസരിച്ച് **IBC** അതത് ഇടവകകളിൽ ബഹു. വികാരിയച്ചന്മാർക്ക് ക്രമീകരിക്കാം. ബുക്കുകളും, ആക്ഷൻ സോങ്ങുകളും തയ്യാറാക്കിയവർക്ക് ഹൃദയപൂർവ്വം നന്ദി. ഇടവകകളിലെ വിശ്വാസ പരിശീലകരുടെ നേതൃത്വത്തിൽ Biblia Fest-2025 കുട്ടികൾക്ക് വിശ്വാസദീപ്തവും ഉല്ലാസപ്രദവുമാകട്ടെ!

2. **2024-2025 അദ്ധ്യയന വർഷത്തിലെ കാറ്റിക്കിസം ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ്:** ഒന്നാം വർഷ ഡിപ്ലോമ (Class XI) 2nd Session: 2025 ഏപ്രിൽ 05, 06 (ശനി, ഞായർ) തീയതികളിലും, രണ്ടാം വർഷ ഡിപ്ലോമ (Class XII) 2nd Session: 2025 മെയ് 08, 09 (വ്യാഴം, വെള്ളി) തീയതികളിലും കലൂർ റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെടും. കോഴ്സിന്റെ അവസാന ദിവസം പരീക്ഷ ഉണ്ടാകും.

3. **പുനഃപരീക്ഷ: X, XII** ക്ലാസ്സുകളിൽ ഒന്നും, രണ്ടും സെമസ്റ്റർ പരീക്ഷകൾ എഴുതുവാൻ സാധിക്കാത്ത കുട്ടികൾക്കും, പരീക്ഷയ്ക്ക് മിനിമം മാർക്ക് (14/40) ലഭിക്കാത്ത കുട്ടികൾക്കുമുള്ള **പുനഃപരീക്ഷ 2025 ഏപ്രിൽ 12 ശനിയാഴ്ച രാവിലെ 10.30 മുതൽ 12.30 വരെ** ഒന്നാം സെമസ്റ്റർ പരീക്ഷയും **ഉച്ചയ്ക്കുശേഷം 2.00 മുതൽ 4.00 വരെ** രണ്ടാം സെമസ്റ്റർ പരീക്ഷയും നടത്തപ്പെടുന്നു. XI-ാം ക്ലാസ്സിലെ പുനഃപരീക്ഷ അതത് ഇടവകയിൽ നടത്തി **ഏപ്രിൽ 12-ന്** മുമ്പ് മാർക്ക് കാറ്റികോർപ്പിൽ Enter ചെയ്യുക.

4. **Mar Joseph Cardinal Parecattil Catechism Star of Excellence അവാർഡ് :** നാലാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ മുടങ്ങാതെ വിശ്വാസപരിശീലന ക്ലാസ്സുകളിൽ സ്കോളർഷിപ്പ് കരസ്ഥമാക്കിയ കുട്ടികൾക്കുള്ള **Mar Joseph Cardinal Parecattil Catechism Star of Excellence** അവാർഡ് ഈ വർഷവും നൽകുന്നതാണ്. ഓരോ ഇടവകയിലും അർഹതയുള്ള കുട്ടികളുടെ പേര് **Verify** ചെയ്തതിനുശേഷം വികാരിയച്ചന്റെ അംഗീകാരത്തോടെ 2025 ഏപ്രിൽ 15-ാം തീയതിയ്ക്ക് മുമ്പായി അതത് ഫൊറോനയിലെ സെക്രട്ടറി സിസ്റ്റേഴ്സിനെ ഏല്പിക്കേണ്ടതാണ്.

5. **Archbishop Augustine Kandathil Catechism Students' Stars:** 12 വർഷം (2012-2013 അദ്ധ്യയനവർഷം മുതൽ 2024-2025 വരെ) ഞായറാഴ്ചകളിൽ മുടങ്ങാതെ വിശ്വാസപരിശീലനം പൂർത്തിയാക്കുന്ന കുട്ടികളെ **Archbishop Augustine Kandathil Catechism Students' Stars** എന്ന പേരിൽ അതിരൂപത ആദരിക്കുന്നതാണ്. ഓരോ ഇടവകയിലും അർഹതയുള്ള കുട്ടികളുടെ പേര് **Verify** ചെയ്തതിനുശേഷം

വികാരിയച്ചന്റെ അംഗീകാരത്തോടെ 2025 ഏപ്രിൽ 15-ാം തീയതിയ്ക്ക് മുമ്പായി അതത് ഫൊറോനയിലെ സെക്രട്ടറി സിസ്റ്റേഴ്സിനെ ഏല്പിക്കേണ്ടതാണ്.

6. **ജൂബിലിവർഷം:** 2024-25 വർഷങ്ങളിൽ വിശ്വാസപരിശീലന രംഗത്ത് 25 വർഷവും 40 വർഷവും 50 വർഷവും പൂർത്തിയാക്കിയ അദ്ധ്യാപകർ ഇടവകയിൽ ഉണ്ടെങ്കിൽ വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടെ അവരുടെ പേര്, വീട്ടുപേര്, ഇടവക, എന്നിവ അതത് ഫൊറോനയിലെ സെക്രട്ടറി സിസ്റ്റേഴ്സിനെ ഏപ്രിൽ 15-ന് മുൻപായി ഏല്പിക്കേണ്ടതാണ്.

7. **Catechism Teachers' Basic Orientation Course (Residential):** 2025 മെയ് 10,11 തീയതികളിൽ Catechism Teachers Basic Orientation Course (Residential) കലൂർ റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. അതിരൂപതയിൽ വിശ്വാസപരിശീലന ശുശ്രൂഷയിൽ പങ്കാളികളാകുന്ന എല്ലാ അദ്ധ്യാപകരും അടിസ്ഥാനപരിശീലനം ലഭിച്ചവരാകണം എന്ന കാര്യം ഓർമ്മിപ്പിക്കട്ടെ. ഈ വർഷം അദ്ധ്യാപന രംഗത്തേക്കു കടന്നുവരുന്നവരും ഇതുവരെ അതിരൂപത സംഘടിപ്പിച്ച അടിസ്ഥാന പരിശീലന ക്ലാസ്സിൽ പങ്കെടുത്തിട്ടില്ലാത്തവരുമായവർ ഈ കോഴ്സിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മുഴുവൻ സമയവും പങ്കെടുത്താൽ മാത്രമേ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ. പങ്കെടുക്കുന്ന അധ്യാപകരുടെ പേരുകൾ ഫൊറോന സെക്രട്ടറിമാരുടെ പക്കൽ ഏപ്രിൽ 30-ാം തീയതിക്ക് മുമ്പായി നൽകുക.

8. **AI Seminar for Catechism Teachers:** അതിരൂപതയിലെ വിശ്വാസപരിശീലന അദ്ധ്യാപകർക്ക് വേണ്ടി 2025 മെയ് 4-ാം

തീയതി ഞായറാഴ്ച കലൂർ റിന്യൂവൽ സെന്ററിൽ വച്ച് AI Seminar നടത്തപ്പെടുന്നു. രജിസ്ട്രേഷന്റെ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

9. **പ്രമോട്ടേഴ്സ് & സെക്രട്ടറീസ് മീറ്റ്:** 2024-2025 അദ്ധ്യയന വർഷത്തിന്റെ സമാപ്തിയിൽ ബഹുമാനപ്പെട്ട പ്രമോട്ടേഴ്സിന്റെയും ഫൊറോന സെക്രട്ടറിമാരുടെയും യോഗം 2025 മാർച്ച് 01-ാം തീയതി ശനിയാഴ്ച കലൂർ റിന്യൂവൽ സെന്ററിൽ വച്ച് നടക്കുകയുണ്ടായി.

10. **ഫൊറോന ഡയറക്ടർമാരുടെ യോഗം:** 2025 മാർച്ച് 27-ാം തീയതി വ്യാഴാഴ്ച ഫൊറോന ഡയറക്ടർമാരുടെ യോഗം കലൂർ റിന്യൂവൽ സെന്ററിൽ നടന്നു.

11. **പ്രതിഭാസംഗമം:** ഈ വർഷത്തെ ഏഴാം ക്ലാസ്സിലെ കുട്ടികളുടെ അതിരൂപതാ പ്രതിഭാസംഗമം 2025 മാർച്ച് 30-ാം തീയതി ഞായറാഴ്ച കലൂർ റിന്യൂവൽ സെന്ററിൽ നടന്നു.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**